# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3239** **07.11.2019-ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞത്ത് സീഫുഡ് റെസ്റ്റാറന്റ്**

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മത്സ്യവിഭവങ്ങൾ വിൽക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഴിഞ്ഞത്ത് സീഫുഡ് റെസ്റ്റാറന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;<br><br>സി) ഓഖി പുനരധിവാസ ഫണ്ടിൽ നിന്നും ഇതിനായി തുക കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) & സി) | വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിന് വേണ്ടി 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓഖി പുനരധിവാസ ഫണ്ടിൽ നിന്നുമാണ് ഈ തുക കണ്ടെത്തുന്നത്. |
| ഡി) റെസ്റ്റാറന്റിലേക്കായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്കരണ യൂണിറ്റിലും വിപണന ഔട്ട് ലെറ്റിലും തൊഴിൽ ചെയ്യുന്നതിനുള്ള മത്സ്യത്തൊഴിലാളികൾക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവസ്റ്റ് ടെക്നോളജി & ട്രെയിനിംഗ് (NIFPHATT), മറ്റ് ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ വഴി പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**